# DVUP SCHOOL
## THAZHATHU KULAKKADA



# ACADAMIC MASTER PLAN
## 2025-26

Website : www.dvupsthazhathukulakkada.blogspot.in
Fb Page : www.facebook.com/DVUPS Thazhathukulakkada
E mail : duvupsduvups@gmail.com
Ph : 0474 2615453 (Office) 9846568633 (Mob )

# ആമുഖം

1953 ൽ ശ്രീ ഇ കൃഷ്ണൻ നായർ EX MLA യുടെ നേതൃത്വത്തിൽ സ്ഥാപിതമായ താഴത്തു കുളക്കട ഡി വി യു പി സ്കൂൾ ... കല്ലടയാറിന്റെ ചിറ്റോളങ്ങളാൽ അനുഗ്രഹീതമായ ,ആവശ്യത്തിന് ജീവ വായു പ്രദാനം ചെയ്യാൻ പ്രാപ്തരായ അരയലുകളോട് കൂടിയ വിശാലമായ മൈതാനത്തിനു സമീപം ദേവിയുടെ നാമധേയത്തിൽ കൊല്ലം ജില്ലയുടെ വടക്കേ അറ്റത്തുള്ള കുളക്കട പഞ്ചായത്തിലെ ഒന്നാം വാർഡിലാണ് ഈ സരസ്വതീ ക്ഷേത്രം സ്ഥിതി ചെയുന്നത് .മുഹൂർത്തിക്കാവ് ,കുറ്ററ, തുരുത്തിലമ്പലം, മഠത്തിനപ്പുഴ , കൊല്ലമാല , പൈനും മൂട് , പൂവറ്റൂർ ,കുളക്കട ,താഴത്തുകുളക്കട എന്നീ വിവിധ സ്ഥലങ്ങളിൽ നിന്നുമായി എത്തുന്ന വിദ്യാർത്ഥികളാണ് ഈ സ്കൂളിൽ പഠിക്കുന്നത് .

1953 നു മുൻപ് സ്ഥലത്തുള്ള നാലാം ക്ലാസ്സിൽ അധ്യയനം കഴിഞ്ഞാൽ എവിടെ തുടർവിദ്യാഭ്യാസത്തിനായി കുരുന്നുകൾക്ക് അഞ്ചിലധികം കിലോമീറ്റർ ദൂരെയുള്ള സ്കൂളായിരുന്നു ഏക ആശ്രയം .ഇതിനാൽ തന്നെ അക്കാലത്തു നല്ലൊരു വിഭാഗം കുട്ടികളുടെ പഠനം നാലാം ക്ലാസ്സിൽ അവസാനിക്കുക പതിവായിരുന്നു. ഈ അവസരത്തിൽ ശ്രീ ഇ കൃഷ്ണൻ നായർ MLA യുടെ നേതൃത്വത്തിൽ യു പി സ്കൂളിന് വേണ്ടി ശ്രമം നടക്കുകയും ആവശ്യമുള്ള ഒന്നര ഏക്കർ സ്ഥലവും കെട്ടിടവും നൽകുവാൻ താഴത്തു കുളക്കട 653 നമ്പർ NSS കരയോഗം തയ്യാറാവുകയും ചെയ്തതോടെ ഗ്രാമത്തിൽ ഒരു യു പി സ്കൂളെന്ന നാട്ടുകാരുടെ ചിരകാല അഭിലാഷം സാധ്യമാവുകയായിരുന്നു .സ്കൂളിനാവശ്യമായ 80 അടി കെട്ടിടം നാട്ടുകാരുടെ യോജിച്ച പ്രവർത്തന ഫലമായി ഏതാനും ദിവസങ്ങൾ കൊണ്ട് തന്നെ പൂർത്തിയാവുകയും അങ്ങനെ 1953 ജൂൺ മാസത്തിൽ ദേവിയുടെ നാമധേയത്തിൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

ജാതി- മത -രാഷ്ട്രീയ.ചിന്തകൾക്കതീതമായി വിവിധ ജാതിയിലും മതത്തിലും പെട്ടവർ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു . പൂർവ വിദ്യാർത്ഥികളിൽ പലരും IPS കാരായും, ഡോക്ടർമാർ , എഞ്ചിനീയറുമാർ തുടങ്ങിയ ഉന്നത ജോലിക്കാരായും സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിച്ചു വരുന്നു .

ജാതി- മത -രാഷ്ട്രീയ.ചിന്തകൾക്കതീതമായി വിവിധ ജാതിയിലും മതത്തിലും പെട്ടവർ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു . പൂർവ വിദ്യാർത്ഥികളിൽ പലരും IPS കാരായും, ഡോക്ടർമാർ , എഞ്ചിനീയറുമാർ തുടങ്ങിയ ഉന്നത ജോലിക്കാരായും സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിച്ചു വരുന്നു .വിവിധ സ്കോളർഷിപ്പ് പരീക്ഷകളിലും , ശാസ്ത്ര മേള , കലാമേളകളിലും വർഷങ്ങളായി ഓവർ ഓൾ ചാംപ്യൻഷിപ് നിലനിർത്തുവാനും കുളക്കടയുടെ വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ ഒരു നിറ സാന്നിധ്യമായി മാറുവാനും കഴിഞ്ഞു .

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

* കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവും സർഗ്ഗാത്മകവുമായ പാരമ്പര്യം കാത്തു സൂക്ഷിക്കാനും ദേശാഭിമാനം മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹ സൃഷ്ടിക്കും ഉതകും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവങ്ങളൊരുക്കാൻ കഴിയുക.
* 5-7 വരെ ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയും വിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക.
* 20 വർഷം മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയ വികസന പദ്ധതി തയ്യാറാക്കാനും വിവിധ മേഖലകളിൽ നിന്ന് (മാനേജർ, ഗവ., എം. എൽ. എ., എം. പി., ത്രിതല പഞ്ചായത്ത്, വ്യവസായികൾ, എൻ. ആർ. ഐ. പൂർവ്വ വിദ്യാർത്ഥികൾ) വിഭവസമാഹരണം നടത്തി വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ളതാക്കുക.
* 5 മുതൽ 7 വരെ ക്ലാസിലെ എല്ലാ കുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ധാരണകളും ശേഷിയും നൈപുണിയും മനോഭാവവും മൂല്യങ്ങളും അന്താരാഷ്ട്ര നിലവാരത്തോട് കിടപിടിക്കും വിധം ആർജ്ജിക്കാനവസരമൊരുക്കുക.
* വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യാപനം ഉറപ്പാക്കുക.
* വിദഗ്ധരായ അധ്യാപകരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാക്കുന്നതോടൊപ്പം വിദ്യാലയത്തിലെ ഓരോ അധ്യാപകന്റെയും അക്കാദമികവും സാങ്കേതികവുമായ മികവ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുക.
* പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക.
* കുട്ടികളുടെ സർഗ്ഗ ക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് നൂതനവും സർഗ്ഗാത്മകവുമായ പ്രവർത്തന പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കുക.
* ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുകയും നിരന്തര വിലയിരുത്തലിലൂടെ പരിമിതികൾ പരിഹരിച്ച് മുന്നേറുകയും ചെയ്യുക.
* കുട്ടിയുടെ പഠനവേഗത, പഠന ശൈലി എന്നിവ പരിഗണിക്കുന്ന പഠന പ്രക്രിയ സാധ്യമാക്കുക.

# പ്രശ്നങ്ങൾ വെല്ലുവിളികൾ

## അക്കാദമികം

1. ഭിന്നശേഷിക്കാരുടെ ആവശ്യം പരിഗണിച്ച് റിസോഴ്സ് അധ്യാപകരുടെ സേവനം ലഭിക്കുന്നില്ല.
2. ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരികവും മാനസികവും അക്കാദമികവുമായ പ്രശ്നങ്ങൾ കണ്ടെത്തി നിരന്തര വിലയിരുത്തുന്നതിനും പരിഹരിക്കുന്നതിനും ശാസ്ത്രീയമായ രീതികൾ സ്വീകരിക്കുന്നില്ല.
3. ഭിന്നശേഷിക്കാരെ പരിഗണിക്കുന്ന അനുരൂപീകരിച്ച പാഠ്യപദ്ധതി, പാഠപുസ്തകം, പഠനപ്രക്രിയ എന്നിവയില്ല.
4. 5 മുതൽ 7 വരെ ക്ലാസിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ നേടാൻ കഴിയുന്നില്ല.
5. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണങ്ങൾ, ഐ.സി.ടി. സാധ്യതകൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
6. പഠനപ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും നൂതന പഠനതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും സഹായകമായി ഗവേഷണാത്മകമായ രീതികൾ (ട്രൈഔട്ട്, ക്രിയാഗവേഷണം) പ്രയോജനപ്പെടുത്തിയില്ല.
7. സർഗാത്മക പ്രവർത്തനങ്ങൾക്ക് പ്രാധാന്യവും പ്രോത്സാഹനവും നൽകുന്നില്ല.
8. എല്ലാ കുട്ടികൾക്കും നിശ്ചിത വിഷയത്തിൽ (മലയാളം, ഇംഗ്ലീഷ്, ഹിന്ദി സംസ്കൃതം) എന്നീ ഭാഷകളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ ആർജ്ജിക്കാൻ കഴിയുന്നില്ല.
9. എല്ലാ വിഷയങ്ങളിലും 25% കുട്ടികൾ അടിസ്ഥാന ശേഷി നേടാതെയാണ് 5-10 ക്ലാസിലെത്തുന്നത്.
10. ഐ.സി.ടി അധിഷ്ഠിത പഠനം ഉറപ്പാക്കാൻ കഴിയും വിധം അധ്യാപകർ ശാക്തീകരിക്കപ്പെട്ടിട്ടില്ല.
11. മികവു പുലർത്തുന്ന കുട്ടികൾക്ക് ഒരു വിഷയത്തിലും മികച്ച പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.
12. വൈവിധ്യമാർന്ന പഠനതന്ത്രങ്ങളും സങ്കേതങ്ങളും പ്രയോജനപ്പെടുത്തുന്നതിന് ഭൂരിപക്ഷം പേർക്കും കഴിഞ്ഞിട്ടില്ല.
13. പഠനപ്രക്രിയ വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിയുന്നില്ല.

# ഭൗതിക സൗകര്യം

**ആമുഖം:**

വിദ്യാലയം മികവുറ്റതാകണമെങ്കിൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കാൻ കഴിയണം. നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ വിലയിരുത്തുകയും നമ്മുടെ കാഴ്ചപ്പാടുകളുമായി തട്ടിച്ചു നോക്കി ഇനിയും ആവശ്യമായ പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചും നിലവിലുള്ളവ നവീകരിച്ചും ഈ പ്രക്രിയ പൂർത്തിയാക്കണം. ഇതിനായി അന്താരാഷ്ട്ര തലത്തിൽ നിന്നും മേഖലയിൽ ലഭ്യമായ സൗകര്യങ്ങൾ എന്തെല്ലാമെന്ന് പഠിക്കുകയും ആർക്കിടെക്റ്റ്മാരുടെയും വിദ്യാഭ്യാസ വിചക്ഷണരുടെയും ഒരു വിദഗ്ധ സംഘത്തിന്റെ സേവനം തന്നെ ഇതിനായി പ്രയോജനപ്പെടുത്തുകയും വേണം. എൻ.ഐ.ടി., ഐ.ഐ.എം, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ സേവനം ഇതിലേക്കായി പ്രയോജനപ്പെടുത്തണം. ഈ മേഖലയിലെ വലിയ മുന്നേറ്റം നടത്തിയ കോഴിക്കോട് നോർത്ത് എം.എൽ.എ. ശ്രീ പ്രദീപ് കുമാറിന്റെ ഉപദേശ നിർദ്ദേശങ്ങളും സ്വീകരിക്കുന്നത് മികവുറ്റ വിദ്യാലയം എന്ന സങ്കല്പം സാക്ഷാത്കരിക്കുന്നതിന് സഹായിക്കും.

നമ്മൾ വിഭാവനം ചെയ്യുന്ന ഭൗതിക സൗകര്യങ്ങളുടെ വിശദാംശങ്ങളാണ് ചുവടെ കൊടുക്കുന്നത്. 8 പ്രോജക്ടുകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## പ്രവർത്തന വിശദാംശങ്ങൾ

**ക്ലാസ്സ്മുറി:**

ക്ലാസ് മുറികൾ 30 x 20 വലിപ്പമുള്ളതും തറ ടൈൽസ് പാകിയതും വൈദ്യുതീകരിച്ചതുമാവണം. കുടിവെള്ളമടക്കമുള്ള സൗകര്യങ്ങൾ ക്ലാസിൽ വേണം. 2 അല്ലെങ്കിൽ 3 കുട്ടികൾക്ക് ഇരിക്കാവുന്ന ബെഞ്ചുകളും ഡെസ്കുകളും (ആധുനിക മോഡലുകൾ കണ്ടെത്തണം) പുസ്തകങ്ങൾ വെക്കുന്നതിനുള്ള സൗകര്യം ഡസ്കിൽ ഉണ്ടാകണം. സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള എല്ലാ സൗകര്യങ്ങളും വേണം.